Gazette No. 48 dated 6th December 1955.

PART I

NOTIFICATION

No.LS-20856|55|DD. *29th November 1955.*

S.R.O.66.—In exercise of the powers conferred by Section 32 of the Workmen's Compensation Act, 1923 (Central Act VIII of 1923) Government are pleased to make the following amendment to the Travancore-Cochin Workmen's Compensation Rules, 1952, the same having been previously published as required by Section 34 of the Act.

AMENDMENT.

In the said Rules the following shall be added as a proviso to Rule 54:

"Provided that no fee shall be payable under this rule in respect of applications presented on behalf of any of the departments of Government".

By order of His Highness
the Raj Pramukh,

V. V. JOSEPH,
Secretary to Government.

Government Secretariat,
Development Department,
Labour Section,
Trivandrum.

G. 3133

Gazette No. 48 dated 6th December 1955.

PART I

NOTIFICATION

D.Dis.23923|55|DD. *2nd December 1955.*

S.R.O.67.—Whereas a motion of no-confidence against Sri K. Madhavan Pillai the President of the Pazhayakunnummel Panchayat has been passed on 27-10-1955 with the support of 5 (five) out of 7 (seven) members, that is, not less than three fifths of the sanctioned strength of the Panchayat; and

Whereas the President has not resigned his post within two days after the passing of the motion;

Now, therefore, in exercise of the powers conferred by Section 40 (12) of the Travancore-Cochin Panchayats Act, 1950 (II of 1950), Government are pleased to remove the said President from office.

By order of His Highness
the Raj Pramukh,

C. THOMAS,
Secretary to Government.

Government Secretariat,
L.S.G. (Panchayat) Section,
Trivandrum.

G 3161A

NOTIFICATION

L.S.12-18846|54|DD. *5th December 1955.*

S.R.O.No. 68|1955.—Whereas a motion of no-confidence against Sri E. M. Hanieffa, the President of the Edava Panchayat has been passed on 9-10-1954 with the support of not less than three fifths of the sanctioned strength of the said Panchayat; and

Whereas the President has not resigned his post within two days after the passing of the motion;

Now, therefore, in exercise of the powers conferred by Section 40 (12) of the Travancore-Cochin Panchayats Act, 1950 (II of 1950), Government hereby remove the said President from office.

By order of His Highness
the Raj Pramukh,

C. THOMAS,
Secretary to Government.

Government Secretariat,
Development Department,
L.S.G. (Panchayat) Section,
Trivandrum.

പരസ്യം.

നമ്പർ എൽ. ഡി. (ബി) 3-1704/51/ലാ. 1955 ജൂൺ 1.

നിയമസഭ പാസ്സാക്കിയതും, രാജപ്രമുഖൻ തിരുമനസ്സിലെ സമ്മതി ലഭിച്ചിട്ടുള്ളതുമായ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിനായി ഇതിനാൽ പ്രസിദ്ധം ചെയ്യുന്നു.

രാജപ്രമുഖൻ തിരുമനസ്സിലെ
ഉത്തരവിൻപ്രകാരം,

ഗവണ്മെന്റ് സെക്രട്ടറിയേറ്റ്,
ലാ ഡിപ്പാർട്ടുമെന്റ്,
തിരുവനന്തപുരം.

എൻ. എസ്സ്. രാധാകൃഷ്ണയ്യർ,
ഗവണ്മെന്റ് സെക്രട്ടറി.

1955-ലെ 12-ാം ആക്റ്റ്.

തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്റ്റ്.

തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തുള്ള സാഹിത്യപരവും, ശാസ്ത്രീയവും, ധാർമ്മികവും ആയ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് വ്യവസ്ഥ ചെയ്യുന്ന ആക്റ്റ്.

പീഠിക:—സാഹിത്യത്തിന്റെയോ, ശാസ്ത്രത്തിന്റെയോ, സുകുമാരകലകളുടെയോ അഭിവൃദ്ധിക്കോ, പ്രയോജനകരമായ വിജ്ഞാനത്തിന്റെ പ്രചരണത്തിനോ, ധാർമ്മികോദ്ദേശങ്ങൾക്കോ വേണ്ടി സ്ഥാപിച്ചിട്ടുള്ള സംഘങ്ങളുടെ നിയമപരമായ സ്ഥിതി പരിഷ്കരിക്കാൻ വ്യവസ്ഥ ചെയ്യുന്നതു യുക്തമായിരിക്കകൊണ്ട്;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ ആറാം സംവത്സരത്തിൽ ഇതിനാൽ താഴെപ്പറയുംപ്രകാരം നിയമമാക്കപ്പെട്ടിരിക്കുന്നു:—

1. ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും:—(1) ഈ ആക്റ്റിന് 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്റ്റ് എന്ന് പേർ പറയാം.

(2) ഇതു തിരുവിതാംകൂർ-കൊച്ചി സംസ്ഥാനം മുഴുവൻ വ്യാപിക്കുന്നതും, ഗസറ്റിലെ പരസ്യം മുഖേന ഗവണ്മെന്റ് നിശ്ചയിക്കുന്ന തീയതി ഊർജ്ജിതത്തിൽ വരുന്നതുമാണ്.

2. നിർവചനങ്ങൾ: ഈ ആക്റ്റിൽ, സന്ദർഭം മറ്റുപ്രകാരം ആവശ്യപ്പെടാത്തപക്ഷം,—

(എ) "ഭരണസമിതി" എന്നതിന്, സംഘത്തിന്റെ ചട്ടങ്ങളും റെഗുലേഷനും മുഖേന അതിന്റെ കാര്യങ്ങളുടെ മേൽനോട്ടം ഏല്പിക്കപ്പെട്ടിട്ടുള്ള ഭരണകർത്താക്കൾ, കൌൺസിൽ, ഡയറക്ടർമാർ, കമ്മിറ്റി, ട്രസ്റ്റികൾ അഥവാ മറ്റു സമിതി എന്നർത്ഥമാകുന്നു;

(ബി) "അംഗം" എന്നതിന് ഒരു സംഘത്തിൽ, അതിലെ ചട്ടങ്ങളും റെഗുലേഷനും അനുസരിച്ച് പ്രവേശിക്കപ്പെട്ടിരിക്കെ, വരി

പ്പണം കൊടുത്തിരിക്കയോ, അതിലെ അംഗങ്ങളുടെ രോളിലോ, ലിസ്റ്റിലോ, ഒപ്പിട്ടിരിക്കയോ ചെയ്കയും, ആ ചട്ടങ്ങളും റെഗുലേഷനും അനുസരിച്ച് രാജിവച്ചിട്ടില്ലാതിരിക്കയും ചെയ്യുന്ന ആൾ എന്നർത്ഥമാകുന്നു.

വിശദീകരണം:— ഈ ആക്ടനുസരിച്ചുള്ള എല്ലാ നടപടികളിലും, ഹാജരായുള്ള്, മൂന്നു മാസത്തിലധികം കാലമായി വരിപ്പണം കുടിശ്ശിക കിടപ്പുള്ള യാതൊരാളും വോട്ടു ചെയ്യുന്നതിനോ, അംഗമായി ഗണിക്കപ്പെടുന്നതിനോ അർഹതയുള്ളയായിരിക്കുന്നതല്ല;

(സി) "രജിസ്ട്രാർ" എന്നാൽ ഈ ആക്റ്റിൻപ്രകാരം സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് ഗവണ്മെന്റ് അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(ഡി) "സംഘം" എന്നാൽ ഈ ആക്റ്റിൻപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടതോ, രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഒരു സംഘം എന്നർത്ഥമാകുന്നു.

3. സംഘടനാപ്രമാണവും രജിസ്ട്രേഷനുമനുസരിച്ച് സ്ഥാപിതങ്ങളായ സംഘങ്ങൾ:— സാഹിത്യപരമോ, ശാസ്ത്രീയമോ, ധാർമ്മികമോ ആയ ഏതെങ്കിലും കാര്യത്തിനോ, ഈ ആക്റ്റിന്റെ 32-ാം വകുപ്പിൽ വിവരിച്ചിട്ടുള്ള ഏതെങ്കിലും കാര്യത്തിനോ വേണ്ടി സമ്മേളിച്ച ഏതെങ്കിലും ഏഴോ അതിലധികമോ ആളുകൾക്ക് ഒരു സംഘടനാപ്രമാണത്തിൽ തങ്ങളുടെ പേരെഴുതി, അത് രജിസ്ട്രാരുടെ സമക്ഷത്ത് ഫയൽ ചെയ്ത് ഈ ആക്റ്റിൻപ്രകാരം ഒരു സംഘമായി സ്വയം ചേരാവുന്നതാകുന്നു.

4. സംഘടനാപ്രമാണം:—(1) സംഘടനാപ്രമാണത്തിൽ താഴെപ്പറയുന്ന വിവരങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്; അതായത്:—

സംഘത്തിന്റെ പേര്; സംഘത്തിന്റെ ഉദ്ദേശങ്ങൾ; സംഘത്തിന്റെ ചട്ടങ്ങളനുസരിച്ച് അതിന്റെ കാര്യങ്ങൾ ഭരമേല്പിക്കപ്പെട്ടിട്ടുള്ള ഭരണകർത്താക്കളുടെയോ, കൗൺസിലിന്റെയോ, ഡയറക്ടർമാരുടെയോ, കമ്മിറ്റിയുടെയോ, മറ്റ് ഭരണസമിതിയുടെയോ പേരും, മേൽവിലാസവും, പ്രവൃത്തിയും.

(2) സംഘത്തിന്റെ ചട്ടങ്ങളുടെയും റെഗുലേഷന്റെയും ഒരു പ്രതി, ഭരണസമിതിയിലെ മൂന്നിൽ കുറയാതെയുള്ള അംഗങ്ങൾ ശരിപ്പകർപ്പാണെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ട്, സംഘടനാപ്രമാണത്തോടൊന്നിച്ച് ഫയൽ ചെയ്തിരിക്കേണ്ടതാണ്.

5. രജിസ്റ്റർചെയ്യൽ:—അപ്രകാരമുള്ള പ്രമാണവും, സാക്ഷ്യപ്പെടുത്തിയിട്ടുള്ള പകർപ്പും ഫയൽചെയ്തു കഴിഞ്ഞാൽ, സംഘം ഈ ആക്റ്റിൻപ്രകാരം രജിസ്റ്റർ ചെയ്തിരിക്കുന്നതായി, രജിസ്ട്രാർ തന്റെ കൈയൊപ്പടയിൽ സാക്ഷ്യപ്പെടുത്തേണ്ടതാണ്. അങ്ങനെ ഓരോരിക്കൽ രജിസ്റ്റർ ചെയ്യുമ്പോഴും ഫീസായി 25 രൂപയോ ഗവണ്മെന്റ് അപ്പപ്പോൾ നിർദ്ദേശിക്കുന്ന കുറഞ്ഞ തുകയോ രജിസ്ട്രാർക്കു കൊടുക്കേണ്ടതും, അപ്രകാരം കൊടുക്കപ്പെടുന്ന എല്ലാ ഫീസും ഗവണ്മെന്റിലേയ്ക്കു മുതൽകൂട്ടേണ്ടതുമാകുന്നു.

6. സംഘത്തിന്റെ രജിസ്റ്റർചെയ്ത ആഫീസ്:—(1) സംഘത്തിന്, അതു രജിസ്റ്ററാക്കപ്പെടുന്ന ദിവസം മുതൽ ഇരുപത്തിയൊന്നാം ദിവസത്തിനകം, സകല കത്തിടപാടുകളും, നോട്ടീസുകളും അയയ്ക്കാവുന്നതും രജിസ്റ്റർ ചെയ്യപ്പെട്ട ആഫീസ് ഉണ്ടായിരിക്കേണ്ടതാണ്.

(2) രജിസ്റ്റർ ചെയ്യപ്പെട്ട ആഫീസ് സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെയും, അതിന് വല്ല മാറ്റവും വരുത്തിയിട്ടുണ്ടെങ്കിൽ അതിന്റെയും വിവരം, സന്ദർഭംപോലെ, സംഘം രജിസ്റ്റർ ചെയ്യുകയോ, അപ്രകാരം മാറ്റം വരുത്തുകയോ ചെയ്ത തീയതിക്കുശേഷം, ഇരുപത്തിയൊന്നു ദിവസത്തിനകം, സംഘത്തിന്റെ ഭരണസമിതി, രജിസ്ട്രാറെ അറിയിക്കേണ്ടതും, അദ്ദേഹം അതു രേഖപ്പെടുത്തേണ്ടതുമാകുന്നു.

(3) നേരത്തെതന്നെ രജിസ്റ്റർ ചെയ്തിട്ടുള്ളതും, ഈ ആക്റ്റ് നടപ്പിൽ വരുന്ന സമയത്ത് നിലവിലിരിക്കുന്നതുമായ ഒരു സംഘത്തിന്, ഈ ആക്റ്റ് ഉർജ്ജിതത്തിൽ വന്ന തീയതി മുതൽ ഇരുപത്തിയൊന്നു ദിവസത്തിനകം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ആഫീസ് ഉണ്ടായിരിക്കേണ്ടതും, അതിന്റെ ഭരണസമിതി, രജിസ്റ്റർ ചെയ്യപ്പെട്ട ആഫീസ് സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെയോ അതിന് വല്ല മാറ്റവും വരുത്തിയിട്ടുണ്ടെങ്കിൽ അതിന്റെയോ വിവരം സന്ദർഭംപോലെ, ഈ ആക്റ്റ് നടപ്പിലാകുകയോ അപ്രകാരം മാറ്റം വരുത്തുകയോ ചെയ്ത തീയതി മുതൽ ഇരുപത്തിയൊന്നു ദിവസത്തിനകം രജിസ്ട്രാറെ അറിയിക്കേണ്ടതും, അദ്ദേഹം അതു രേഖപ്പെടുത്തേണ്ടതും ആകുന്നു.

(4) സംഘത്തിന്റെ ഭരണസമിതി ഈ വകുപ്പിലെ ആവശ്യങ്ങൾ നിറവേറ്റാതിരുന്നാൽ, ഭരണസമിതിയിലെ ഓരോ അംഗത്തിനും എതിരെ, രേഖപ്പെടുത്തേണ്ടുന്ന കാരണങ്ങളാൽ രജിസ്ട്രാർ, വിളംബത്തിന് മാപ്പു കൊടുത്തില്ലെങ്കിൽ, 'അനുസരണക്കേട്' തുടർന്നുകൊണ്ടിരിക്കുന്ന ഓരോ ദിവസത്തേക്കും അഞ്ചു രൂപയിൽ കവിയാത്ത പിഴ നൽകപ്പെടുന്നതാണ്.

7. പൊതുയോഗങ്ങളും, അവയിലെ നടപടികളുടെ കുറിപ്പുകളും:—

(1) സംഘം രജിസ്റ്റർ ചെയ്ത തീയതി മുതൽ പതിനെട്ടു മാസത്തിനകം അതിന്റെ ആദ്യത്തേതും, ഓരോ കലണ്ടർ വർഷത്തിലും കുറഞ്ഞത് ഒരു പ്രാവശ്യം എന്ന ക്രമത്തിലും, ഒരു യോഗത്തിന് അതിനു മുമ്പ് കഴിഞ്ഞതുമായി പതിനഞ്ചു മാസത്തിലധികം അന്തരം ഉണ്ടാകാതിരിക്കത്തക്കവിധവും, പിന്നീടുള്ളതുമായ പൊതുയോഗങ്ങൾ വിളിച്ചുകൂട്ടേണ്ടതു സംഘത്തിന്റെ ഭരണസമിതിയുടെ കടമയാണ്.

(2) അപ്രകാരം കൂടുന്ന വാർഷികപൊതുയോഗത്തിൽ, സംഘത്തിന്റെ ചട്ടങ്ങളിലും റെഗുലേഷനിലും വ്യവസ്ഥചെയ്തിട്ടുള്ളതുപോലെ ഭരണസമിതിയിലേയ്ക്കുള്ള അംഗങ്ങളുടെ തിരഞ്ഞെടുപ്പ് നടക്കേണ്ടതും എന്നാൽ ഭരണസമിതിയിലെ ആളുകളുടെ ഏറ്റവും കുറഞ്ഞ സംഖ്യ മൂന്നായിരിക്കേണ്ടതുമാകുന്നു.

(3) സംഘത്തിന്റെ ആദ്യത്തെ ഭരണസമിതിയംഗങ്ങളുടെ ലിസ്റ്റ്, സംഘം രജിസ്റ്റർചെയ്ത തീയതിമുതൽ പതിനാലു ദിവസത്തിനകം, രജിസ്ട്രാർക്ക് ഫയൽ ചെയ്തിരിക്കേണ്ടതും, അതിനുശേഷം ഭരണസമിതിയുടെ

ലിസ്റ്റ് വാർഷികപൊതുയോഗത്തിന്റെ തീയതിക്കുപിമ്പ് പതിന്നാല ദിവസത്തിനകം രജിസ്ട്രാർക്ക് ഫയൽ ചെയ്യേണ്ടതും ആകുന്നു.

(4) എല്ലാ സംഘങ്ങളും, പൊതുയോഗങ്ങളിലെ എല്ലാ നടപടികളുടെയും കുറിപ്പുകൾ അതിലേക്കായി സൂക്ഷിച്ചിട്ടുള്ള ബുക്കുകളിൽ ചേർക്കാൻ ഏർപ്പാടുചെയ്യേണ്ടതാണ്. അപ്രകാരമുള്ള കുറിപ്പിൽ ആ നടപടികൾ നടന്ന യോഗത്തിന്റെ ചെയർമാൻ ഒപ്പിട്ടിരിക്കേണ്ടതാകുന്നു.

(5) ഈ വകുപ്പിൽ പറഞ്ഞിട്ടുള്ള പ്രകാരം, വാർഷികപൊതുയോഗം നടത്തുന്നതിലോ, ഭരണസമിതിയുടെ ലിസ്റ്റ് ഫയൽ ചെയ്യുന്നതിലോ, പൊതുയോഗങ്ങളിലെ നടപടിക്കുറിപ്പുകൾ രേഖപ്പെടുത്തുന്നതിലോ വീഴ്ചവരുത്തുകയാണെങ്കിൽ, സംഘവും അതുപോലെ വീഴ്ചവരുത്തിയ അതിന്റെ ഓരോ ഭരണസമിതിയംഗവും നൂറുരൂപയിൽ കവിയാത്ത പിഴ അടയ്ക്കേണ്ടിവരുന്നതാണ്.

8. സംഘംവക വസ്തുക്കളുടെ കൈവശം ഇരിക്കേണ്ടത്:— ഒരു സംഘത്തിന്റെ വകയായ സ്ഥാവരജംഗമവസ്തുക്കൾ, ട്രസ്റ്റികളുടെ കൈവശത്തിലല്ലെങ്കിൽ, ആ സംഘത്തിന്റെ ഭരണസമിതിയിൽ തൽക്കാലത്തേക്കു നിക്ഷിപ്തമായിരിക്കുന്നതായി കരുതപ്പെടേണ്ടതും, സിവിലും ക്രിമിനലുമായ എല്ലാ നടപടികളിലും ആ സംഘത്തിന്റെ ഭരണസമിതിയുടെ ശരിയായ സ്ഥാനംവഴി അവരുടെ വസ്തുവായിട്ട് വിവരിക്കപ്പെടാവുന്നതുമാകുന്നു.

9. സംഘങ്ങളുടെയും സംഘങ്ങൾക്കുമെതിരായ വ്യവഹാരങ്ങൾ:— സംഘത്തിന്റെ ചട്ടങ്ങളും റെഗുലേഷനുകളും മൂലം നിശ്ചയിക്കപ്പെടുന്നപ്രകാരം, പ്രസിഡന്റ്, ചെയർമാൻ അഥവാ പ്രധാന സെക്രട്ടറി, അല്ലെങ്കിൽ ട്രസ്റ്റികൾ ഇവരിൽ ആരുടെയെങ്കിലും പേരിലും, അപ്രകാരം നിശ്ചയം ചെയ്തിട്ടില്ലെങ്കിൽ ഭരണസമിതി ആ അവസരത്തിലേക്കു നിയമിക്കുന്ന ആളിന്റെ പേരിലും ഓരോ സംഘത്തിനും അന്യായപ്പെടാവുന്നതും, വ്യവഹാരത്തിനു വിധേയമാകാവുന്നതുമാണ്.

എന്നാൽ, സംഘത്തിന്മേൽ ഒരു അവകാശമുള്ള ഏതെങ്കിലും ആൾക്കോ, സംഘത്തിൽ നിന്ന് എന്തെങ്കിലും ലഭിക്കേണ്ടതായിട്ടുള്ള ആൾക്കോ, ഭരണസമിതിയോട് അപേക്ഷിച്ചതിനുശേഷവും, മറ്റെങ്കിലും ഉദ്യോഗസ്ഥനെയോ, ആളിനെയോ പ്രതിയായി നാമനിർദ്ദേശം ചെയ്തിട്ടില്ലെങ്കിൽ സംഘത്തിന്റെ പ്രസിഡന്റിന്റെയോ, ചെയർമാന്റെയോ, പ്രധാന സെക്രട്ടറിയുടെയോ, ട്രസ്റ്റികളുടെയോ പേരിൽ അന്യായപ്പെടാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

10. വ്യവഹാരം നീക്കംചെയ്യുകയില്ലെന്ന്:— ഏതെങ്കിലും സിവിൽക്കോടതിയിൽ, ഒരു സംഘം നടത്തുന്നതോ സംഘത്തിനെതിരായി നടത്തപ്പെടുന്നതോ ആയ യാതൊരു വ്യവഹാരവും അല്ലെങ്കിൽ നടപടിയും, അതു കൊണ്ടുവരികയോ തുടർന്നുനടത്തുകയോ ചെയ്യുന്ന ആളോ അഥവാ ആർക്കെതിരായി അതു കൊണ്ടുവരപ്പെടുകയോ; തുടർന്നുനടത്ത

പ്പെടുകയോ ചെയ്യുന്നു, ആ ആളോ, മരിക്കുകയോ അല്ലെങ്കിൽ സ്വയം ഏതു നിലയിൽനിന്ന് വ്യവഹരിക്കുകയോ വ്യവഹരിക്കപ്പെടുകയോ ചെയ്യുന്നുവോ ആ നിലയിൽനിന്ന് ഒഴിവാക്കപ്പെടുകയോ ചെയ്താൽ ആ കാരണംകൊണ്ടുതന്നെ കുറവുചെയ്യപ്പെടുകയോ നിറുത്തൽ ചെയ്യപ്പെടുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു. എന്നാൽ, അങ്ങനെ വ്യവഹാരമോ, നടപടിയോ, അവരുടെ പിൻതുടർച്ചക്കാരുടെ പേരിലോ, അവരെ അങ്ങനെ വിധേയരാക്കിക്കൊണ്ടോ തുടർന്നു നടത്തപ്പെടേണ്ടതാകുന്നു.

11. സംഘത്തിനെതിരായി വിധിനടത്തൽ:— സംഘത്തിനു വേണ്ടി സമനിക്ഷേപം ചെയ്യപ്പെട്ട ആളിനോ, ഉദ്യോഗസ്ഥനോ എതിരായി ഡിക്രിയുണ്ടെങ്കിൽ, ആ ഡിക്രി, ആ ആളിന്റെയോ ഉദ്യോഗസ്ഥന്റെയോ ശരീരമോ സ്വകാര്യവസ്തുവകയോ മേലോ ശരീരത്തിന്മേലോ നടത്താൻ പാടില്ലാത്തതും, എന്നാൽ സംഘത്തിന്റെ വസ്തുവിന്മേൽ നടത്താവുന്നതുമാകുന്നു.

12. സംഘം സൂക്ഷിക്കേണ്ടുന്ന അക്കൗണ്ടുപുസ്തകം:—(1) സംഘത്തിന്റെ ഭരണസമിതി—

(എ) സംഘത്തിനും സംഘത്തിനുവേണ്ടിയുമുള്ള വരവിന്റെയും ചെലവിന്റെയും എല്ലാ തുകകളും ആ വരവുചെലവുകൾ ഏതെല്ലാം ഇനങ്ങളിൽ വന്നു കൂടുന്നുവോ ആ വക കാര്യങ്ങളും;

(ബി) സംഘത്തിന്റെ ആസ്തിബാദ്ധ്യതകളും

സംബന്ധിച്ചുള്ള ശരിയായ കണക്കുകൾ പുസ്തകരൂപേണ സൂക്ഷിക്കുവാൻ ഏർപ്പാടുചെയ്യേണ്ടതാകുന്നു.

(2) ഈ വകുപ്പിൽ ആവശ്യപ്പെട്ടിരിക്കുംപ്രകാരം പ്രവർത്തിക്കുവാൻ വീഴ്ചവരുത്തുന്ന പക്ഷം ഭരണസമിതിയിലെ അംഗങ്ങളിൽ, ബോധപൂർവ്വമുള്ള അവരുടെ പ്രവൃത്തിയോ ഉപേക്ഷയോ കൊണ്ടാണ് അപ്രകാരം വീഴ്ചവന്നിട്ടുള്ളത്, ആ അംഗങ്ങളിൽ ഓരോരുത്തരും നൂറു രൂപയിൽ കവിയാത്ത പിഴയ്ക്ക് വിധേയനാകുന്നതാണ്.

13. വാർഷികബാക്കിപത്രം:—(1) ഓരോ സംഘത്തിന്റെയും ഭരണസമിതി, ആ സംഘം രജിസ്റ്റർ ചെയ്തതിനുശേഷം 18 മാസം കഴിഞ്ഞതിനുശേഷമല്ലാത്ത ഒരു തീയതിയിലും, കൂടാതെ അതിനെ തുടർന്ന് ഓരോ കലണ്ടർവർഷത്തിൽ ഒരിക്കലെങ്കിലും പൊതുയോഗത്തിൽ സംഘത്തിനുമുമ്പാകെ, ആദ്യത്തെ പ്രാവശ്യമാണെങ്കിൽ സംഘം രജിസ്റ്റർചെയ്ത കാലം മുതൽ ആരംഭിക്കുന്നതും, മറ്റെങ്കിലും സംഗതിയിൽ അതിനുമുൻപിലത്തേതു മുതൽ ആരംഭിക്കുന്നതും എന്നാൽ യോഗത്തീയതിക്ക് ആറുമാസത്തിൽ കൂടുതൽ മുമ്പല്ലാത്ത തീയതിവരെയുള്ളതുമായ കാലത്തെയ്ക്ക്, ബാക്കിപത്രവും, വരവുചെലവുകണക്കും സമർപ്പിക്കേണ്ടതാണ്.

(2) ബാക്കി പത്രവും വരവുചെലവുകണക്കും ആദ്യത്തെ പ്രാവശ്യത്തേതാണെങ്കിൽ, ഭരണസമിതി നിയമിക്കുന്ന ആഡിറ്റർമാരാലും, പിന്നീടുള്ളവയാണെങ്കിൽ പൊതുയോഗത്തിൽനിന്ന് നിയമിതനാകുന്ന ആഡിറ്റർമാരാലും പരിശോധിക്കപ്പെടേണ്ടതാണ്.

(3) ഭരണസമിതിയിൽ മൂന്നിലധികം അംഗങ്ങളുണ്ടെങ്കിൽ, ബാക്കിപത്രവും, വരവുചെലവു കണക്കും ഭരണസമിതിയിലെ മൂന്നു അംഗങ്ങളെങ്കിലും ഒപ്പിട്ടിരിക്കേണ്ടതും, മൂന്നംഗങ്ങൾ മാത്രമേ ഉള്ളുവെങ്കിൽ അവരെല്ലാം ഒപ്പിട്ടിരിക്കേണ്ടതുമാകുന്നു.

(4) ബാക്കിപത്രവും, വരവുചെലവുകണക്കും പൊതുയോഗത്തിൽ സംഘത്തിനു സമർപ്പിച്ചതിനുശേഷം, ഭരണസമിതിയിൽ രണ്ടു അംഗങ്ങളെങ്കിലും സാക്ഷ്യപ്പെടുത്തിയ ബാക്കിപത്രത്തിന്റെ പകർപ്പു പൊതുയോഗത്തിന്റെ തീയതി മുതൽ 21 ദിവസത്തിനകം രജിസ്ട്രാർക്കു ഫയൽ ചെയ്യേണ്ടതാകുന്നു.

(5) ഈ വകുപ്പിൽ ആവശ്യപ്പെട്ടിരിക്കുന്നതിൻപ്രകാരം ചെയ്യാതിരുന്നാൽ, ആ വീഴ്ച, അറിഞ്ഞുകൊണ്ടും മനഃപൂർവ്വമായും അധികാരപ്പെടുത്തുകയോ അനുവദിക്കുകയോ ചെയ്ത സംഘവും, അതിന്റെ ഭരണസമിതിയിലെ ഓരോ അംഗവും 100 രൂപയിൽ കവിയാത്ത പിഴയ്ക്കു വിധേയരാകുന്നതാണ്.

14. ബൈലാപ്രകാരം സ്ഥാപിക്കുന്ന പിഴ ഈടാക്കൽ —ഏതു പ്രകാരമെങ്കിലും സംഘത്തിന്റെ ചട്ടങ്ങൾക്കും, റെഗുലേഷനും അനുസരണമായി യഥോചിതം നിർമ്മിച്ചിട്ടുള്ള വല്ല ബൈലാപ്രകാരമോ, ബൈലാ ഉണ്ടാക്കാൻ ചട്ടങ്ങൾ വ്യവസ്ഥചെയ്യുന്നില്ലെങ്കിൽ, ഈ കാര്യത്തിനുവേണ്ടി വിളിച്ചുകൂട്ടിയ സംഘത്തിന്റെ അംഗങ്ങളുടെ ഒരു പൊതു യോഗത്തിൽ തയ്യാറാക്കിയ വല്ല ബൈലാപ്രകാരമോ (ഇതു തയ്യാറാക്കുന്നതിലേയ്ക്കു ആ യോഗത്തിൽ ഹാജരുള്ള അംഗങ്ങളിൽ അഞ്ചിൽ മൂന്നു ഭാഗത്തിന്റെ ഏകാഭിപ്രായത്തോടുകൂടിയ വോട്ടുകൾ ആവശ്യമാണ്.) സംഘത്തിന്റെ ഏതെങ്കിലും ചട്ടമോ ബൈലായോ ലംഘിച്ചതിനു ധനപരമായ വല്ല പിഴയും ചുമത്തിയിട്ടുള്ളതു സ്ഥാപിക്കുമ്പോൾ അതു പ്രതിയുടെ വാസസ്ഥലമോ സംഘം സ്ഥാപിതമായിരിക്കുന്ന സ്ഥലമോ, സ്വന്തം അധികാരതിർത്തിയിൽപ്പെട്ടിട്ടുള്ളതും, അതിലെ ഭരണ സമിതിയ്ക്കു യുക്തമെന്നു തോന്നുന്നതുമായ ഏതെങ്കിലും കോടതി മുഖേന വസൂലാക്കാവുന്നതാണ്.

15. അംഗങ്ങളുടെ രജിസ്റ്റർ സംഘം സൂക്ഷിക്കേണ്ടതാണെന്ന്:—(1) ഓരോ സംഘത്തിനും അതിലെ അംഗങ്ങളെപ്പറ്റിയുള്ള ഒരു രജിസ്റ്റർ ഉണ്ടായിരിക്കേണ്ടതും അതിൽ താഴെപ്പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കേണ്ടതുമാകുന്നു—

(എ) അംഗങ്ങളുടെ പേരും മേൽവിലാസവും, തൊഴിൽ വല്ലതുമുണ്ടെങ്കിൽ അതും;

(ബി) ഓരോ ആളും അംഗമായതിനു തീയതി;

(സി) ഏതെങ്കിലും ആൾ അംഗമല്ലാതായതിനു തീയതി;

(2) ഈ വകുപ്പിൽ ആവശ്യപ്പെട്ടിരിക്കുന്നതിൻപ്രകാരം ചെയ്യുന്നതിനു വീഴ്ചവരുത്തുന്നപക്ഷം, അറിഞ്ഞുകൊണ്ടും മനഃപൂർവ്വമായും വീഴ്ചവരുത്തുന്നതിനു അധികാരപ്പെടുത്തുകയോ അനുവദിക്കുകയോ ചെയ്യുന്ന സംഘവും ഭരണസമിതിയിലെ ഓരോ അംഗവും, വീഴ്ച തുടരുന്ന ഓരോ ദിവസത്തേയ്ക്കും പത്തു രൂപയിൽ കവിയാത്ത പിഴയ്ക്കു ബാദ്ധ്യസ്ഥരാകുന്നതാണ്.

16. അംഗങ്ങളുടെപേരിൽ അന്യരെപ്പോലെ അന്യായപ്പെടാമെന്ന്:-

സംഘത്തിന്റെ ചട്ടങ്ങൾ അനുസരിച്ച് ഒരംഗം കൊടുക്കുവാൻ കടപ്പെട്ടിരിപ്പുള്ള കടിശ്ശിക വരുത്തുകയോ, അപ്രകാരമുള്ള ചട്ടങ്ങൾക്കു വിരുദ്ധമായ രീതിയിലോ, കാലത്തോളം സംഘത്തിന്റെ വല്ല സ്വത്തും കൈവശം വച്ചുകൊണ്ടിരിക്കുകയോ, വല്ല താമസിപ്പിക്കുകയോ ചെയ്യുകയോ, അഥവാ സംഘംവക ഏതെങ്കിലും സ്വത്ത് കേടുവരുത്തുകയോ നശിപ്പിക്കുകയോ ചെയ്യുന്ന ഏതെങ്കിലും അംഗത്തിന്റെ പേരിൽ അപ്രകാരമുള്ള കടിശ്ശികയ്ക്കും, വസ്തുവിന്റെ അപ്രകാരമുള്ള തടഞ്ഞുവെയ്പിലോ, കേടുവരുത്തലിലോ, നശിപ്പിക്കലിലോ നിന്നുൽഭവിക്കുന്ന നഷ്ടത്തിനായോ വേണ്ടി, മുൻപ് വ്യവസ്ഥചെയ്തിരിക്കുന്ന രീതിയിൽ വ്യവഹാരപ്പെടാവുന്നതാണ്.

17. കുറ്റക്കാരായ അംഗങ്ങൾ അന്യരെപ്പോലെ ശിക്ഷാർഹരാണെന്ന്:.

സംഘംവക, ഏതെങ്കിലും പണമോ, മറ്റു സ്വത്തോ മോഷ്ടിക്കുകയോ, സ്വന്തമാക്കുകയോ അപഹരിക്കുകയോ അല്ലെങ്കിൽ ആ സംഘത്തിന്റെ ഏതെങ്കിലും സ്വത്ത് മനഃപൂർവ്വമായും ദ്രോഹബുദ്ധിയോടും നശിപ്പിക്കുകയോ കേടുവരുത്തുകയോ, അല്ലെങ്കിൽ സംഘത്തിന്റെ ധനത്തിനു നഷ്ടം നേരിടത്തക്കവണ്ണം ഏതെങ്കിലും പ്രമാണമോ, കച്ചീട്ടോ, പണത്തിനുള്ള ഈടോ, രസീതോ, മറ്റുരേഖയോ വ്യാജമായി നിർമ്മിക്കുകയോ ചെയ്യുന്ന സംഘത്തിലെ ഏതംഗവും, അപ്രകാരമുള്ള കുറ്റത്തിന് അംഗമല്ലാത്ത ഏതെങ്കിലും ആൾ ഏതുതരം പ്രോസിക്യൂഷനും ശിക്ഷയ്ക്കും വിധേയനും പാത്രവുമായിത്തീരുമോ അതേതരം പ്രോസിക്യൂഷനു വിധേയനാകുന്നതും, കുറ്റം സ്ഥാപിക്കപ്പെട്ടാൽ അതേ മാതിരിയിൽ ശിക്ഷിക്കപ്പെടുന്നതുമാണ്.

18 സംഘങ്ങൾക്ക് അവയുടെ ഉദ്ദേശങ്ങൾ ഭേദഗതിചെയ്യുകയോ വിപുലപ്പെടുത്തുകയോ ഹ്രസ്വമാക്കുകയോ ചെയ്യുന്നതിനുള്ള അധികാരം:—

ഏതെങ്കിലും പ്രത്യേകമായ ഉദ്ദേശത്തോടുകൂടിയോ ഉദ്ദേശങ്ങളോടുകൂടിയോ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഏതെങ്കിലും സംഘത്തിന്റെ ഭരണസമിതിക്ക്, ആ ഉദ്ദേശം ഈ ആക്റ്റിലെ അർത്ഥത്തിൽപ്പെടുന്ന മറ്റുദ്ദേശങ്ങളായിട്ടോ, അവയ്ക്കുവേണ്ടിയോ ഭേദഗതിചെയ്യുകയോ, വിപുലപ്പെടുത്തുകയോ, ഹ്രസ്വമാക്കുകയോ, അഥവാ ആ സംഘത്തെ പൂർണ്ണമായോ, ഭാഗികമായോ മറ്റേതെങ്കിലും സംഘവുമായി കൂട്ടിച്ചേർക്കുകയോ ചെയ്യുന്നതു സമുചിതമായിരിക്കുമെന്ന് തോന്നുമ്പോഴെല്ലാം ആ ഭരണസമിതിക്ക് ആ പ്രമേയം എഴുതിയതോ അച്ചടിച്ചതോ ആയ ഒരു റിപ്പോർട്ടായി സംഘാംഗങ്ങൾക്കു സമർപ്പിക്കാവുന്നതും, അതിന്റെ പര്യാലോചനയ്ക്കായി സംഘത്തിന്റെ റെഗുലേഷൻ അനുസരിച്ച് ഒരു പ്രത്യേകയോഗം വിളിച്ചുകൂട്ടാവുന്നതുമാകുന്നു.

എന്നാൽ, അപ്രകാരമുള്ള യാതൊരു പ്രമേയവും അതിന്റെ പര്യാലോചനയ്ക്കുവേണ്ടി ഭരണസമിതി വിളിച്ചുകൂട്ടുന്ന പ്രത്യേക യോഗത്തിനു 10 ദിവസം മുമ്പ് സംഘത്തിലെ ഓരോ അംഗത്തിനും ആ റിപ്പോർട്ട് നൽകുകയോ, തപാൽവഴി അയയ്ക്കുകയോ ചെയ്യാത്ത പക്ഷം, അല്ലെങ്കിൽ ആ പ്രമേയം, അംഗങ്ങളിൽ അഞ്ചിൽ മൂന്നു ഭാഗം നേരിട്ടോ, പ്രതിനിധി മുഖേനയോ നൽകുന്ന വോട്ടുകൾമൂലം അംഗീകരിക്കപ്പെട്ട് ഇല്ലാത്ത

സമ്മേളനത്തിനുശേഷം ഒരു മാസത്തെ ഇടവിട്ട് ഭരണസമിതി വിളിച്ചുകൂട്ടുന്ന രണ്ടാമത്തെ പ്രത്യേകയോഗത്തിൽ ഹാജരാകുന്ന അഞ്ചിൽ മൂന്നോളം അംഗങ്ങളുടെ വോട്ടുമൂലം സ്വീകരിക്കപ്പെടാത്തപക്ഷം ഉൾപ്പെടുത്തൽ കൊണ്ടുവരാവുന്നതല്ല.

19. അക്കൗണ്ടുകൾ ആവശ്യപ്പെടുന്നതിനുള്ള അധികാരവും പുസ്തകങ്ങൾ മുതലായവയുടെ പരിശോധനയും.—(1) ഏതു സംഘത്തിന്റെയും ഒരു സമയം മുതൽക്ക് സംഘത്തിന്റെ വരവു ചെലവുകളുടെയും, ആസ്തിബാധ്യതകളുടെയും അക്കൗണ്ടുകൾ നിയതകാലങ്ങളിൽ ഹാജരാക്കുന്നതിന് ഏതു സമയത്തും ഗവണ്മെന്റിന് ആവശ്യപ്പെടാവുന്നതാണ്. രജിസ്ട്രാരോ, ഗവണ്മെന്റ് അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ, സംഘത്തിന്റെ അക്കൗണ്ടുകളും, മറ്റു ബുക്കുകളും നിയത കാലങ്ങളിൽ പരിശോധിക്കേണ്ടതും, പരിശോധനയുടെ ഫലത്തെപ്പറ്റി ഒരു റിപ്പോർട്ട് ഗവണ്മെന്റിലേക്കു സമർപ്പിക്കേണ്ടതും ആകുന്നു. പരിശോധന നടത്തുന്ന ഉദ്യോഗസ്ഥന് സംഘത്തിന്റെ വളപ്പുകളിൽ പ്രവേശിക്കാവുന്നതും, സംഘത്തിന്റെ ഭരണസമിതിയും സിൽബന്തികളും അദ്ദേഹം ആവശ്യപ്പെടാവുന്ന എല്ലാവിവരങ്ങളും നൽകേണ്ടതും, പരിശോധന നടത്തി റിപ്പോർട്ടു ചെയ്യാൻ അദ്ദേഹത്തിനു സാധ്യമാക്കത്തക്കവണ്ണം ആവശ്യമുള്ള എല്ലാസഹായവും ചെയ്തുകൊടുക്കേണ്ടതുമാകുന്നു. ഭരണസമിതിയും, സംഘത്തിന്റെ സിൽബന്തികളായിരിക്കുന്നവരോ, ഇരുന്നവരോ ആയ എല്ലാ ആളുകളും, സംഘത്തെസംബന്ധിച്ച് അവരുടെ അധീനത്തിലോ അധികാരത്തിലോ ഉള്ള എല്ലാ പുസ്തകങ്ങളും പ്രമാണങ്ങളും അപ്രകാരം നിയുക്തനായ ഉദ്യോഗസ്ഥന്റെ മുമ്പാകെ ഹാജരാക്കുന്നതിനും, സംഘത്തിന്റെ കാര്യങ്ങളെ സംബന്ധിക്കുന്ന ഏതെങ്കിലും ചോദ്യത്തിന് ഉത്തരം നൽകുന്നതിനും ചുമതലപ്പെട്ടവരാണ്.

(2) പരിശോധന നടത്തുന്ന ഉദ്യോഗസ്ഥന്, സംഘത്തിന്റെ അക്കൗണ്ടുകളോ, മറ്റു പുസ്തകങ്ങളോ, പ്രമാണങ്ങളോ മതിയായ കാരണം കൂടാതെ മറച്ചുവച്ചിരിക്കുകയാണെന്ന് വിശ്വസിക്കുന്നതിന് എപ്പോഴെങ്കിലും കാരണമുണ്ടെന്നു തോന്നുന്നപക്ഷം, തന്റെ വിശ്വാസത്തിനുള്ള കാരണങ്ങളും ആസ്പദങ്ങളും രേഖപ്പെടുത്തിക്കൊണ്ട് ഏതൊരു സ്ഥലത്തും പ്രവേശിച്ച് പരിശോധന നടത്തുകയോ, നടത്തിക്കുകയോ, അഥവാ അപ്രകാരമുള്ള ഏതെങ്കിലും അക്കൗണ്ടുകളോ, പുസ്തകങ്ങളോ, പ്രമാണങ്ങളോ പിടിച്ചെടുക്കുകയോ ചെയ്യാവുന്നതാകുന്നു.

(3) ഗവണ്മെന്റിന്, (1)-ാം ഉപവകുപ്പനുസരിച്ച് സമർപ്പിക്കപ്പെട്ട റിപ്പോർട്ട് സംഘത്തിന്റെ കാര്യക്ഷമവും ശ്രേയസ്കരവും ആയ നടത്തിപ്പിനുവേണ്ടി പുനഃപരിശോധന ചെയ്യാവുന്നതും, 25-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ (എ) മുതൽ (സ്) വരെയുള്ള ഖണ്ഡങ്ങളിൽ പറഞ്ഞിട്ടുള്ളവയൊഴിച്ച് യുക്തമെന്ന് അവർ കരുതുന്ന ഉത്തരവുകൾ പാസ്സാക്കാവുന്നതാകുന്നു.

20. സംഘത്തിന്റെ ഏതെങ്കിലും ഭരണസമിതിയംഗത്തെയോ, ജോലിക്കാരനെയോ നീക്കം ചെയ്യുന്നതിനും സസ്പെന്റു ചെയ്യുന്നതിനും, ഡിസ്മിസ്സ് ചെയ്യുന്നതിനും ഉള്ള അധികാരം.—(1) 19-ാം വകുപ്പനുസരിച്ച് ഗവണ്മെന്റ് പാസ്സാക്കിയ ഏതെങ്കിലും ഉത്തരവ് മനഃപൂർവ്വം അഥവാ

ധികാരപ്പെടുത്തിയും അനുസരിക്കാത്ത, സംഘത്തിന്റെ ഏതെങ്കിലും ഭരണസമിതിയംഗത്തെയോ, ജോലിക്കാരനെയോ അനുസരണക്കേടയുള്ള ഓരോ പ്രവൃത്തിക്കും അമ്പതു രൂപയിൽ കവിയാത്ത തുക പിഴ ഈടാക്കുന്നതാകുന്നു. പിഴ ചുമത്തിക്കൊണ്ടുള്ള പ്രസ്തുത ഉത്തരവ് കിട്ടിയ തീയതിമുതൽ ഒരാഴ്ചയ്ക്കകം, പ്രസ്തുത അംഗമോ, സിക്രട്ടറിയോ ആ ഉത്തരവ് നടപ്പിലാക്കുവാൻ വീഴ്ച വരുത്തുന്നപക്ഷം ഗവണ്മെന്റിന് ടിയാളെ ഡിസ്മിസ് ചെയ്യാവുന്നതാണ്. ഈ വകുപ്പു പ്രകാരം ഗവണ്മെന്റ് പാസ്സാക്കിയ ഉത്തരവ് പ്രാബല്യത്തിൽ വരുത്തുവാൻ സംഘത്തിന്റെ ഭരണസമിതി ബാദ്ധ്യസ്ഥമായിരിക്കുന്നതും, ആ ഉത്തരവ് നടപ്പിൽ വരുത്തുന്നതിന് അവർ വല്ല വീഴ്ചയും വരുത്തുന്നതായാൽ അതു് ഈ വകുപ്പിന്റെ അർത്ഥപരിധിയിൽപ്പെടുന്നിടത്തോളം അനുസരണക്കേടായി കണക്കാക്കപ്പെടുന്നതുമാകുന്നു.

(2) (1)-ാം ഉപവകുപ്പനുസരിച്ച് ഡിസ്മിസ് ചെയ്യപ്പെട്ട ആൾ, ഗവണ്മെന്റ് അയാളുടെ അയോഗ്യത പരിഹരിച്ചിട്ടില്ലെങ്കിൽ, അപ്രകാരം നീക്കംചെയ്ത തീയതി മുതൽ അഞ്ചു കൊല്ലക്കാലത്തേയ്ക്ക്, ഭരണസമിതിയിലെ അംഗമായി തിരഞ്ഞെടുക്കപ്പെടുന്നതിനോ, നോമിനേറ്റ് ചെയ്യപ്പെടുന്നതിനോ അയോഗ്യനായിരിക്കുന്നതാണ്.

21. സംഘത്തിന്റെ ചട്ടങ്ങളും റഗുലേഷനും അനുസരിച്ച് ഒഴിവ് പൂരിപ്പിക്കണമെന്ന്:—20-ാം വകുപ്പനുസരിച്ച് ഭരണസമിതിയിൽനിന്ന് നീക്കം ചെയ്യുകയോ, ഡിസ്മിസ് ചെയ്യുകയോ ചെയ്തിട്ടുള്ള അംഗത്തിന്റെ ഒഴിവ് സംഘത്തിന്റെ ചട്ടങ്ങളും റഗുലേഷനും അനുസരിച്ച് പൂരിപ്പിക്കേണ്ടതാണ്.

22. സംഘത്തിന്റെ മെമ്മോറാണ്ടത്തിലോ, ചട്ടങ്ങൾ, റഗുലേഷൻ ഇവയിലോ ഉള്ള ഭേദഗതി:— (1) സംഘത്തിന്റെ മെമ്മോറാണ്ടത്തിലോ, ചട്ടങ്ങൾ, റഗുലേഷൻ എന്നിവയിലോ ഉള്ള വ്യവസ്ഥകൾക്ക് ഏതെങ്കിലും ഭേദഗതി ചെയ്യുകയാണെങ്കിൽ, ഭേദഗതി പ്രയോഗത്തിൽ വരുത്തുന്ന, നിശ്ചയത്തിന്റെ ഒരു പ്രതി ശരിപ്പകർപ്പാണെന്ന് ഭരണസമിതിയിലെ മൂന്നിൽ കുറയാതെയുള്ള അംഗങ്ങൾ സാക്ഷ്യപ്പെടുത്തി, ആ നിശ്ചയം പാസ്സാക്കപ്പെട്ട പൊതുയോഗത്തിന്റെ തീയതി മുതൽ പതിന്നാലു ദിവസത്തിനകം രജിസ്ട്രാർക്ക് ഫയൽ ചെയ്യേണ്ടതാണ്.

(2) ഈ വകുപ്പ് (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള നിശ്ചയത്തിന്റെ പകർപ്പ് അപ്രകാരം രജിസ്ട്രാർക്ക് ഫയൽ ചെയ്യുന്നതിൽ താമസം വരുത്തുകയാണെങ്കിൽ, സംഘവും അതിന്റെ ഭരണസമിതിയിലെ ഓരോ അംഗവും, വീഴ്ച തുടരുന്ന ഓരോ ദിവസത്തിനും പത്തു രൂപയിൽ കവിയാത്ത പിഴ നൽകാൻ ബാദ്ധ്യസ്ഥരാണ്.

23. സംഘങ്ങൾ പിരിച്ചുവിടുന്നതിനും, അവയുടെ കാര്യങ്ങൾ ശരിയാക്കുന്നതിനുമുള്ള വ്യവസ്ഥ:—ഏതെങ്കിലും സംഘത്തിന്റെ അംഗങ്ങളിൽ നാലിൽ മൂന്നു ഭാഗത്തിൽ കുറയാതെ അംഗങ്ങൾക്ക് സംഘം പിരിച്ചുവിടണമെന്ന് തീർച്ച ചെയ്യാവുന്നതും, അങ്ങനെ ചെയ്താൽ, ഉടനെയോ അഥവാ അപ്പോൾ സമ്മതിക്കപ്പെട്ട സമയത്തോ സംഘം പിരിച്ചു വിടേ

ണത്തും, സംഘത്തിന്റെ സ്വത്തും, അവകാശങ്ങളും, ബാദ്ധ്യതകളും അവസ്ഥ സംബന്ധിപ്പിക്കത്തക്കവിധം പ്രസ്തുത സംഘത്തിന് ഏതെങ്കിലും ചട്ടങ്ങൾ ഉണ്ടെങ്കിൽ അവയനുസരിച്ചും, ഇല്ലാത്തപക്ഷം ഭരണസമിതിക്ക് യുക്തമെന്ന് തോന്നുന്ന വിധത്തിലോ, വിനിയോഗിക്കുകയും തീർച്ചപ്പെടുത്തുകയും ചെയ്യുന്നതിനാവശ്യമുള്ള എല്ലാ നടപടികളും കൈക്കൊള്ളേണ്ടതുമാകുന്നു.

എന്നാൽ, പ്രസ്തുത ഭരണസമിതിയിലോ, സംഘാംഗങ്ങളുടെ ഇടയിലോ ഏതെങ്കിലും തർക്കം ഉണ്ടാവുകയാണെങ്കിൽ, അതിന്റെ കാര്യങ്ങൾ തീരുമാനിക്കുന്നതിന് ആ സംഘത്തിന്റെ രജിസ്റ്റേർഡ് ആഫീസ് സ്ഥിതി ചെയ്യുന്ന ഡിസ്ട്രിക്റ്റിൽ, സിവിൽ കേസുകളിൽ ആദ്യവ്യവഹാരം വിചാരണ ചെയ്യുന്നതിന് അധികാരമുള്ള മുഖ്യകോടതിയോടപേക്ഷിക്കേണ്ടതും, കോടതി അക്കാര്യത്തിൽ ആവശ്യമെന്ന് തോന്നുന്ന ഉത്തരവ് പാസ്സാക്കേണ്ടതുമാണ്.

എന്നു തന്നെയുമല്ല, ഇക്കാര്യത്തിനുവേണ്ടി വിളിച്ചുകൂട്ടുന്ന പൊതുയോഗത്തിൽ നേരിട്ടോ, പ്രതിനിധി മൂലമോ, നൽകപ്പെടുന്ന വോട്ടു മൂലം അംഗങ്ങളിൽ നാലിൽ മൂന്നുഭാഗം അങ്ങനെ പിരിച്ചുവിടണമെന്നുള്ള ആഗ്രഹം പ്രകടിപ്പിക്കുന്നില്ലെങ്കിൽ, യാതൊരു സംഘവും പിരിച്ചുവിടാൻ പാടില്ലാത്തതാകുന്നു.

കൂടാതെ ഗവണ്മെന്റ് ഏതെങ്കിലും സംഘത്തിൽ അംഗമായിരിക്കുകയോ, വരിക്കാരനായിരിക്കുകയോ അഥവാ ഗവണ്മെന്റിന് അതിൽ മറ്റുപ്രകാരം അവകാശബന്ധമുണ്ടായിരിക്കുകയോ ചെയ്യുമ്പോഴെല്ലാം, ആ സംഘം ഗവണ്മെന്റിന്റെ സമ്മതം കൂടാതെ പിരിച്ചുവിടാൻ പാടില്ലാത്തതാകുന്നു.

24. പിരിച്ചുവിട്ടാൽ യാതൊരംഗത്തിനും ആദായം വാങ്ങിക്കൂടെന്ന്:—

ഏതെങ്കിലും സംഘം പിരിച്ചുവിട്ടതിനുശേഷം, അതിന്റെ സകല കടങ്ങളും ബാദ്ധ്യതകളും കൊടുത്തുതീർത്തു കഴിഞ്ഞിട്ടും ഏതെങ്കിലും സ്വത്ത് അവശേഷിക്കുകയാണെങ്കിൽ, അത് പ്രസ്തുത സംഘത്തിലെ അംഗങ്ങൾക്കോ അവരിൽ ആർക്കെങ്കിലുമോ കൊടുക്കുകയോ അവർക്കായി വീതിക്കുകയോ ചെയ്യാൻ പാടില്ലാത്തതും, എന്നാൽ പരസ്പരം സമ്മതിക്കപ്പെടാവുന്ന കരാറുകൾക്കും വ്യവസ്ഥകൾക്കും അനുസരണമായി ഗവണ്മെന്റിനോ, പിരിച്ചു വിടുന്ന സമയം നേരിട്ടോ, പ്രതിനിധി മുഖേനയോ ഹാജരാകുന്ന അംഗങ്ങളുടെ അഞ്ചിൽ മൂന്നുഭാഗത്തിൽ കുറവില്ലാത്ത വോട്ടുകൾകൊണ്ടോ, അതിനു വീഴ്ച സംഭവിക്കുന്ന പക്ഷം, മേൽപ്പറഞ്ഞ കോടതിയാലോ നിശ്ചയിക്കപ്പെടാവുന്ന പിരിച്ചുവിടപ്പെട്ട സംഘത്തിന്റെ ലക്ഷ്യങ്ങളോട് കഴിവതും ഏതാണ്ട് സാദൃശ്യം വഹിക്കുന്ന ലക്ഷ്യപ്രാപ്തി തന്നെ ഉദ്ദിഷ്ടമായിട്ടുള്ള മറ്റേതെങ്കിലും സംഘത്തിനോ കൊടുക്കേണ്ടതുമാകുന്നു.

എന്നാൽ, ഈ വകുപ്പ് ജായിന്റ് സ്റ്റോക്ക് കമ്പനിയുടെ രീതിയിൽ ഓഹരിക്കാരുടെ ധനവിഹിതംകൊണ്ട് ഏർപ്പെടുത്തപ്പെട്ടിട്ടുള്ളതോ, സ്ഥാപിക്കപ്പെട്ടിട്ടുള്ളതോ ആയ ഏതെങ്കിലും സംഘത്തെ ബാധിക്കുന്നതല്ല.

25. പിരിച്ചുവിടുന്നതിനോ, ഒരു പദ്ധതി തയ്യാറാക്കുന്നതിനോ മറ്റോ കോടതിയിൽ കൊടുക്കപ്പെടുന്ന അപേക്ഷ:—(1) ഗവണ്മെന്റോ, സംഘത്തിന്റെ റോളിലുള്ള അംഗങ്ങളിൽ പത്തു ശതമാനമോ, സംഘം രജിസ്റ്റർ ചെയ്തിട്ടുള്ള, സ്ഥലം അധികാരാതിർത്തിയിൽപ്പെട്ടിട്ടുള്ള ഡിസ്ട്രി

ക്ട് കോർട്ടിലേയ്ക്കു് അപേക്ഷ ബോധിപ്പിക്കുന്നതായാൽ, അന്വേഷണത്തിനുശേഷവും അതു് ന്യായവും യുക്തവുമാണെന്നു ബോദ്ധ്യപ്പെട്ടതിനു ശേഷവും, കോടതിക്കു്:—

(എ) നിലവിലിരിക്കുന്ന ഭരണസമിതി നീക്കം ചെയ്തു് പുതിയ ഒരു ഭരണസമിതിയെ നിയമിക്കുന്നതിനോ;

(ബി) സംഘത്തിന്റെ കൂടുതൽ ശ്രേയസ്കരവും കാര്യക്ഷമവുമായ ഭരണത്തിനുള്ള പദ്ധതി തയ്യാറാക്കുന്നതിനോ;

(സി) സംഘം പിരിച്ചുവിടുന്നതിനോ;

ഉത്തരവു പാസ്സാക്കാവുന്നതാണു്.

(2) (1)-ാം ഉപവകുപ്പനുസരിച്ചു്, അപേക്ഷ ബോധിപ്പിച്ചിട്ടുള്ളതു സംഘാംഗങ്ങളാണെങ്കിൽ അപേക്ഷകൻ അപേക്ഷയോടൊന്നിച്ചു് ചെലവിനു് ഉറപ്പായി ഇരുനൂറു രൂപ കോടതിയിൽ കെട്ടിവെയ്ക്കേണ്ടതാണു്.

26. <u>അധികമുള്ള സ്വത്തു് കോടതിയിൽനിന്നു് ഏല്പിക്കൽ</u>:—25-ാം വകുപ്പനുസരിച്ചു് ഒരു സംഘം പിരിച്ചുവിടുമ്പോൾ കോടതിക്കു് സംഘത്തിന്റെ ഭരണം ഏറ്റെടുക്കുവാൻ ഗവണ്മെന്റിനു സമ്മതമുള്ള പക്ഷം, ഭരണം ഗവണ്മെന്റിനെ ഏല്പിക്കാവുന്നതാണെന്നോ, സംഘത്തിന്റെ കടങ്ങളും ബാദ്ധ്യതകളും കൊടുത്തുതീർത്തതിനുശേഷം എന്തെങ്കിലും സ്വത്തു് ശേഷിക്കുകയാണെങ്കിൽ അതു്, പിരിച്ചുവിടപ്പെട്ട സംഘത്തിന്റെ ലക്ഷ്യത്തോടു് കഴിവതും ഏതാണ്ടു് സദൃശമായ ലക്ഷ്യപ്രാപ്തി ആദർശമാക്കിയുള്ള മറ്റേതെങ്കിലും സംഘത്തിനു് നൽകാവുന്നതാണെന്നോ ഉത്തരവു പാസ്സാക്കാവുന്നതാകുന്നു.

27. <u>25-ാം വകുപ്പിൻപ്രകാരമുള്ള ഉത്തരവുകളിന്മേൽ അപ്പീൽ</u>:—25-ാം വകുപ്പനുസരിച്ചു് പാസ്സാക്കിയിട്ടുള്ള ഉത്തരവുകളിന്മേൽ അവ വ്യവഹാരങ്ങളിലെ ഡിക്രികളായിരുന്നാൽ എന്നപോലെ, ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിക്കേണ്ടതും, അതിനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള സമയത്തിനകം അതു സമർപ്പിക്കേണ്ടതുമാണു്.

28. <u>ഈ ആക്റ്റിനുമുമ്പു് രൂപവൽകരിക്കപ്പെട്ട സംഘങ്ങളുടെ രജിസ്ട്രേഷൻ</u>:—ഈ ആക്റ്റ് പാസ്സാകുന്നതിനുമുമ്പു്, സാഹിത്യപരമോ, ശാസ്ത്രീയമോ, ധർമ്മികമോ ആയ കാര്യത്തിനു് സ്ഥാപിക്കപ്പെട്ട ഏതെങ്കിലും കമ്പനിയോ സംഘമോ, ഇതിനുശേഷം ഏതു സമയത്തും, ഈ ആക്റ്റനുസരിച്ചു് ഒരു സംഘമായി രജിസ്റ്റർ ചെയ്യാവുന്നതാണു്.

എന്നാൽ ഭരണസമിതി അക്കാര്യത്തിനായി വിളിച്ചുകൂട്ടുന്ന ഏതെങ്കിലും പൊതുയോഗത്തിൽ നേരിട്ടോ, പ്രതിനിധി മുഖേനയോ ഹാജരാകുന്ന അംഗങ്ങളിൽ അഞ്ചിൽ മൂന്നു ഭാഗം അനുമതിയുള്ള കമ്പനിയോ, സംഘമോ, അപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്നതിനു് അനുമതി നൽകിയിട്ടില്ലെങ്കിൽ, ഈ ആക്റ്റനുസരിച്ചു് രജിസ്റ്റർ ചെയ്യാൻ പാടില്ലാത്തതാകുന്നു.

അപ്രകാരമുള്ള ഒരു സംഘത്തിന്റെ കാര്യത്തിൽ, സംഘം സ്ഥാപിക്കുമ്പോൾ യാതൊരു ഭരണസമിതിയും സംഘടിപ്പിച്ചിട്ടില്ലാത്തപക്ഷം, സംഘത്തിനുവേണ്ടി ആദ്യത്തെ പ്രവർത്തനപ്രകാരം നോട്ടീസ് കൊടുത്ത് സംഘത്തിനുവേണ്ടി ഒരു ഭരണസമിതി സ്വയം സൃഷ്ടിപ്പാൻ അതിലെ അംഗങ്ങൾക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

29. അപ്രകാരമുള്ള സംഘം മെമ്മോറാണ്ടം മുതലായവ രജിസ്ട്രാർക്ക് ഫയൽ ചെയ്യണമെന്ന്:— 28-ാം വകുപ്പനുസരിച്ച് രജിസ്റ്റർ ചെയ്തു കിട്ടുന്നതിന് 4-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ളപ്രകാരം സംഘത്തിന്റെ ഒപ്പിട്ടിരിക്കുന്ന സംഘം വക ചട്ടങ്ങളുടെയും, റെസലൂഷന്റെയും ഒരു പ്രതിയും, രജിസ്ട്രേഷൻ വേണമെന്ന് തീരുമാനിച്ച പൊതുയോഗത്തിലെ നടപടികളുടെ റിപ്പോർട്ടിന്റെ ഒരു പകർപ്പും സഹിതം സംഘത്തിന്റെ പേര്, സംഘത്തിന്റെ ഉദ്ദേശങ്ങൾ, സംഘം വക ആഫീസ് സ്ഥിതിചെയ്യുന്ന സ്ഥലം, ഭരണസമിതിയംഗങ്ങളുടെ പേര്, മേൽവിലാസം, തൊഴിൽ എന്നിവയും, ഇവയും കാണിക്കുന്ന ഒരു മെമ്മോറാണ്ടം, സംഘത്തിന്റെ ഭരണസമിതി, രജിസ്ട്രാർക്ക് ഫയൽചെയ്യുന്നത് മതിയാകുന്നതാണ്.

30. രജിസ്ട്രാർ സംഘങ്ങളുടെ ഒരു രജിസ്റ്റർ സൂക്ഷിക്കണമെന്ന്:— (1) രജിസ്ട്രാർ, സംഘങ്ങളുടെ ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും അതിൽ ഓരോ സംഘത്തിന്റെയും പേര്, അതിന്റെ ആഫീസ് നിൽക്കുന്ന സ്ഥലം, അതു രജിസ്റ്റർചെയ്ത തീയതി, ഈ ആക്ടിലെ വ്യവസ്ഥകൾപ്രകാരം ഫയൽചെയ്ത പ്രമാണങ്ങളുടെ പേര് എന്നിവ ചേർത്തിരിക്കേണ്ടതുമാകുന്നു.

(2) ഓരോ സംഘവും സംബന്ധിച്ച മെമ്മോറാണ്ടവും, എല്ലാ മറ്റു പ്രമാണങ്ങളും ഓരോ സംഘത്തിനുവേണ്ടി സൂക്ഷിച്ചിട്ടുള്ള പ്രത്യേക ഫയൽ ബുക്കിൽ ഫയൽചെയ്തു സൂക്ഷിക്കേണ്ടതാകുന്നു.

(3) ഒരു സംഘം പ്രവർത്തിക്കുന്നില്ലെന്ന് വിശ്വസിക്കാൻ ന്യായമായ കാരണം രജിസ്ട്രാർക്കുണ്ടെങ്കിൽ, അദ്ദേഹം, സംഘം പ്രവർത്തിക്കുന്നുണ്ടോ എന്ന് അന്വേഷിച്ചുകൊണ്ട് ആ സംഘത്തിന് രജിസ്റ്റർചെയ്ത ഒരു കത്ത് തപാൽമാർഗ്ഗം അയയ്ക്കേണ്ടതാണ്.

(4) പ്രസ്തുത സംഘം പ്രവർത്തനം നടത്തുന്നില്ലെന്ന് സംഘത്തിൽനിന്നും ഒരു മറുപടി രജിസ്ട്രാർക്ക് ലഭിക്കുകയോ (3)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള കത്ത് അയച്ചതിനുശേഷവും ഒരു മാസത്തിനകം യാതൊരു മറുപടിയും കിട്ടാതിരിക്കുകയോ ചെയ്താൽ, അദ്ദേഹത്തിന്, മറിച്ചാണെന്നുള്ളതിന് കാരണം കാണിക്കാത്തപക്ഷം, നോട്ടീസിന്റെ തീയതിമുതൽ മൂന്നുമാസം കഴിയുമ്പോൾ, പ്രവർത്തനം നിലച്ചതായി കരുതി പ്രസ്തുത സംഘത്തിന്റെ പേര്, രജിസ്റ്ററിൽനിന്ന് നീക്കംചെയ്യുന്നതാണെന്ന് കാണിച്ചുകൊണ്ട് ഒരു നോട്ടീസ് ഗസറ്റിൽ പരസ്യം ചെയ്യുന്നതും അതു രജിസ്റ്റർചെയ്ത് തപാൽമാർഗ്ഗം സംഘത്തിന് അയച്ചുകൊടുക്കാവുന്നതുമാകുന്നു.

31. പ്രമാണങ്ങളുടെ പരിശോധന:— ഈ ആക്ടനുസരിച്ച് രജിസ്ട്രാർക്ക് ഫയൽചെയ്തിട്ടുള്ള എല്ലാ പ്രമാണങ്ങളും, ഓരോ പരിശോധ

ന്നും ഓരോ രൂപ ഫീസടച്ചിട്ട് ഏതൊരാൾക്കും പരിശോധിക്കാവുന്നതും, ഏതെങ്കിലും പ്രമാണത്തിന്റെയോ, ഏതെങ്കിലും പ്രമാണത്തിന്റെ ഏതെങ്കിലും ഭാഗത്തിന്റെയോ പകർപ്പോ, സംഗ്രഹമോ രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിക്കൊടുക്കണമെന്ന്, അങ്ങനെ പകർപ്പിന്റെയോ സംഗ്രഹത്തിന്റെയോ ഓരോ നൂറുവാക്കിനും രണ്ടണ കൂടി, ഏതൊരാൾക്കും ആവശ്യപ്പെടാവുന്നതുമാണ്.

32. ആക്റ്റ്, എങ്ങനെയുള്ള സംഘങ്ങൾക്ക് പ്രയോജ്യമെന്ന്:— താഴെ പറയുന്ന സംഘങ്ങൾ ഈ ആക്റ്റനുസരിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്,—

ധാർമ്മികസംഘങ്ങൾ, ശാസ്ത്രം, സാഹിത്യം അഥവാ സുകുമാരകലകൾ ഇവയുടെ അഭിവൃദ്ധിക്കോ, പ്രയോജനകരമായ വിജ്ഞാനത്തിന്റെ പ്രചരണത്തിനോ, അംഗങ്ങളുടെ ഇടയ്ക്ക് സാമാന്യമായ ഉപയോഗത്തിലേയ്ക്കും, പൊതുജനങ്ങളുടെ ഉപയോഗത്തിലേയ്ക്കും ഉള്ള ഗ്രന്ഥശാലകളുടെയോ, വായനശാലകളുടെയോ അല്ലെങ്കിൽ ചിത്രങ്ങൾ, മററു കലാപരമായ പണികൾ, പ്രകൃതിചരിത്രപരമായ സംഭരണങ്ങൾ, യാന്ത്രികവും താത്വികവുമായ കണ്ടുപിടിത്തങ്ങൾ, ഉപകരണങ്ങൾ അഥവാ രൂപകല്പനകൾ ഇവ പ്രദർശിപ്പിക്കുന്ന കാഴ്ചബംഗ്ലാവുകൾ, ഗ്യാലറികൾ ഇവയുടെയോ, സ്ഥാപനത്തിനോ, സംരക്ഷണത്തിനോ വേണ്ടി ഏർപ്പെടുത്തിയിട്ടുള്ള സംഘങ്ങൾ.

33. ആക്റ്റനുസരിച്ചുള്ള കുററങ്ങളുടെ വിചാരണ:—(1) ഈ ആക്റ്റ് പ്രകാരമുള്ള യാതൊരു കുററവും ഒരു ഫസ്റ്റ്ക്ലാസ്സ് മജിസ്ട്രേട്ട് കോടതിക്ക് താഴെയുള്ള യാതൊരു കോടതിയും വിചാരണ ചെയ്യാൻ പാടില്ലാത്തതും, മജിസ്ട്രേട്ടിന് രജിസ്ട്രാരിൽ നിന്നും ലഭിച്ച ഒരു റിപ്പോർട്ടിന്മേലോ, രജിസ്ട്രാരുടെയോ, രജിസ്ട്രാർ കീഴ്ഉദ്യോഗസ്ഥനായിരിക്കുന്ന മററേതെങ്കിലും അധികാരിയുടെയോ രേഖാമൂലമായ സമ്മതത്തോടുകൂടി മററാരെങ്കിലും ബോധിപ്പിക്കുന്ന പരാതിയിന്മേലോ അല്ലാതെ, അപ്രകാരമുള്ള യാതൊരു കുററത്തിനും നടപടി നടത്താൻ പാടില്ലാത്തതുമാകുന്നു.

(2) ഈ ആക്റ്റനുസരിച്ച് ഏതെങ്കിലും പിഴ ചുമത്തുന്ന കോടതിക്ക്, അതു മുഴുവനുമോ അതിന്റെ ഏതെങ്കിലും അംശമോ നടപടിച്ചെലവുകൊടുക്കുന്നതിനായി വിനിയോഗിക്കാൻ നിർദ്ദേശിക്കാവുന്നതാണ്.

(3) 1898-ലെ ക്രിമിനൽ നടപടിനിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൽ ഉപരിവ്യവസ്ഥ ചെയ്തിരിക്കുംപ്രകാരം ശിക്ഷാർഹമായ ഏതൊരു കുററവും, രജിസ്ട്രാർക്ക്, അദ്ദേഹം നിശ്ചയിക്കാവുന്ന പ്രതിഫലം വാങ്ങിക്കൊണ്ട്, രാജിയാക്കാൻ ഏതു സമയത്തും അധികാരമുണ്ട്. അങ്ങനെയുള്ള രാജിയാക്കലിന് പ്രതിയെ വെറുതെ വിട്ടാലെന്നപോലെയുള്ള ഫലം ഉണ്ടായിരിക്കുന്നതാണ്.

34. നിലവിലുള്ള സംഘങ്ങളെ ഒഴിവാക്കൽ—കൊച്ചിയിലെ സാഹിത്യ ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള

ആക്ട് (1088-ലെ 2-ാം കൊച്ചി ആക്ട്) അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ളതും, ഈ ആക്ട് നടപ്പിലാകുമ്പോൾ നിലവിലുള്ളതുമായ എല്ലാ സംഘങ്ങളും ഈ ആക്ടനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ളതായി കരുതപ്പെടേണ്ടതാണ്.

35. റദ്ദാക്കൽ:—കൊച്ചിയിലെ സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർചെയ്യുന്നതിനുള്ള ആക്ട് (1088-ലെ 2-ാം കൊച്ചി ആക്ട്) ഇതിനാൽ റദ്ദാക്കപ്പെട്ടിരിക്കുന്നു.

[(A true translation)]

P. Damodaran Nair,
Assistant to the Head Translator in Charge.

26-8-1955.